**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1620** **28-07-2021 - ൽ മറുപടിയ്ക്ക്**

**കാരുണ്യ @ ഹോം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ,<br>ശ്രീ. പി. മമ്മിക്കുട്ടി,<br>ശ്രീ. എച്ച്. സലാം,<br>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കോവിഡിന്റെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് കാരുണ്യാ കമ്മ്യൂണിറ്റി ഫാർമസിയുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വിശദമാക്കാമോ; | (എ) | പൊതുവിപണിയിലേതിനേക്കാൾ വൻ വിലക്കിഴിവിൽ മരുന്നുകളും, ഗ്ലൂക്കോമീറ്റർ, ബി.പി. അപ്പാരറ്റസ്, എയർബെഡ് മുതലായവയും, കോവിഡ് പ്രതിരോധ സാമഗ്രികളും കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറഷന്റെ മേൽനോട്ടത്തിൽ സംസ്ഥാനത്തെ സർക്കാരാശുപത്രികളിൽ പ്രവർത്തിക്കുന്ന കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികളിലൂടെ ആവശ്യാനുസരണം വിതരണം ചെയ്തുവരുന്നുണ്ട്. |
| (ബി) | "കോവിഡിനൊപ്പം സുരക്ഷിതരായി ജീവിക്കുക" എന്ന പുതിയ ജീവിതശൈലി രൂപീകരിക്കുന്നതിന്റെ ഭാഗമായി "കാരുണ്യ@ഹോം" എന്ന പുതിയ പദ്ധതി തുടങ്ങുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | (ബി) | "കോവിഡിനൊപ്പം സുരക്ഷിതരായി ജീവിക്കുക" എന്ന പുതിയ ജീവിതശൈലി രൂപീകരിക്കുന്നതിന്റെ ഭാഗമായി "കാരുണ്യ@ഹോം" എന്ന ഒരു പുതിയ പദ്ധതി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറഷൻ ആരംഭിച്ചിട്ടുണ്ട്. |
| (സി) | വിവിധ കാരണങ്ങളാൽ ഒറ്റപ്പെട്ടുപോകുന്ന വയോജനങ്ങൾക്ക് കൈത്താങ്ങാകാൻ കഴിയുന്ന ഈ പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (സി) | മുതിർന്ന പൗരൻമാർക്ക് ഫാർമസിയിലെത്താതെ തന്നെ മരുന്നുകൾ ലഭ്യമാക്കുക എന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യം. സാമ്പത്തിക ലാഭത്തോടൊപ്പം "കോവിഡിനൊപ്പം സുരക്ഷിതരായി ജീവിക്കുക" എന്ന പുതിയ ജീവിതശൈലിയ്ക്കായി ഈ പദ്ധതി സഹായകമാകും. തിരക്കേറിയ ആധുനിക ജീവിതത്തിൽ ഒറ്റപ്പെട്ട് പോകുന്ന വയോജനങ്ങൾക്ക് ഈ പദ്ധതി ഒരു കൈത്താങ്ങായിരിക്കും. കാരുണ്യ കമ്മ്യൂണിറ്റി ഫാർമസിയിലെ വിലയേക്കാൾ 1% അധിക വിലക്കിഴിവോടു കൂടി, മുതിർന്ന പൗരൻമാർക്ക് ആവശ്യമായ, ശീതീകരണ സംവിധാനത്തിൽ സൂക്ഷിക്കപ്പെടുന്ന ഇൻസുലിൻ ഉൾപ്പെടെയുള്ള, എല്ലാ മരുന്നുകളും കൊറിയർ മുഖാന്തിരം മിതമായ കൊറിയർ ചാർജ്ജ് ഈടാക്കി കൊണ്ട് പ്രതിമാസം വീട്ടിലെത്തിച്ചു കൊടുക്കുന്നു. ഇതു സംബന്ധിച്ച് രജിസ്ട്രേഷൻ തുടങ്ങിയ വിവരങ്ങൾക്ക് |

| | | | |
|---|---|---|---|
| | | | www.khome.kmscl.kerala.gov.in എന്ന വെബ്സൈറ്റ് സന്ദർശിക്കാവുന്നതാണ്. |
| (ഡി) | പ്രസ്തുത പദ്ധതി വിജയകരവും പ്രായോഗികവുമായി നടപ്പാക്കുന്നതിന് എന്തെല്ലാം മുൻകരുതലുകളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ഡി) | കാരുണ്യ @ ഹോം എന്ന പദ്ധതിയെ കുറിച്ച് പൊതുജനങ്ങൾക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനായി വിവിധ ക്ഷേമസംഘടനകളുടെ ഭാരവാഹികളുമായി ഓൺലൈൻ യോഗം ചേരുകയും പദ്ധതിയെക്കുറിച്ച് വിശദീകരിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതിയുടെ വിശദാംശങ്ങൾ വ്യാപകമായി പ്രചരിപ്പിക്കുന്നതിനായി 30.06.2021 ന് വിവര പൊതുജനസമ്പർക്ക വകുപ്പ് മുഖേന പത്രക്കുറിപ്പ് നല്കുകയും കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികളിലൂടെ നോട്ടീസുകൾ വിതരണം ചെയ്യുകയുമുണ്ടായി. തുടർന്നും പത്രക്കുറിപ്പുകൾ, ലഘുലേഖകൾ, സാമൂഹ്യ മാധ്യമങ്ങൾ മുതലായവയിലൂടെ പദ്ധതിയുടെ വിശദാംശങ്ങൾ കൂടുതൽ ആളുകളിലേയ്ക്ക് എത്തിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. പദ്ധതിയിൽ രജിസ്റ്റർ ചെയ്യുന്നതിനും കുറിപ്പടികൾ അപ്‌ലോഡ് ചെയ്യുന്നതിനും, കുറിപ്പടികളിൽ മാറ്റം വരുമ്പോൾ യഥാസമയം അറിയിക്കുന്നതിനും മറ്റും www.khome.kmscl.kerala.gov.in എന്ന വെബ്സൈറ്റ് പൊതുജനങ്ങൾക്ക് ഉപയോഗിക്കാവുന്നതാണ്. കൊല്ലം, തൃശ്ശൂർ, കോഴിക്കോട് എന്നീ ജില്ലകളിൽ പ്രവർത്തിക്കുന്ന മരുന്ന് ഡിപ്പോകൾ വഴി സമയബന്ധിതമായിട്ടുള്ള മരുന്ന് വിതരണമാണ് വിഭാവനം ചെയ്യുന്നത്. ഈ പദ്ധതിയെ സംബന്ധിച്ചുള്ള സംശയ നിവാരണങ്ങൾക്കും ഉപഭോക്താക്കളുടെ പരാതികൾ ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിനുമായി 1800 599 8844 എന്ന പ്രത്യേക ടോൾ ഫ്രീ നമ്പർ പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട് |

സെക്ഷൻ ഓഫീസർ